രജിസ്ട്രാറുടെ കാര്യാലയം
ഇ - മെയിൽ: **registrar@kvasu.ac.in**

ഫോൺ: 04936 209220/21

# കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല

**പൂക്കോട്, ലക്കിടി.പി.ഒ., വയനാട് – 673 576**

നം.കെ.വി.എ.എസ്.യു/ജി.എ/എ4/10665/2021 പൂക്കോട്, തീയ്യതി: 18/02/2021

## പരിപത്രം

വിഷയം:-കെ.വി.എ.എസ്.യു- പൊതുഭരണം -സാമൂഹിക, പത്രമാധ്യമങ്ങളിൽ സർവ്വകലാശാല ജീവനക്കാരുടെ പെരുമാറ്റം -സംബന്ധിച്ച്.

സൂചന :-11/02/2021 തീയതിയിലെ PS/VC/ 74/2021 നമ്പർ കത്തിലുള്ള ബഹു. വൈസ് ചാൻസിലറുടെ നിർദ്ദേശം

*****

കെ.വി.എ.എസ്.യു. ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് -2014, സ്റ്റാറ്റ്യൂട്ട് നമ്പർ 139, 185 പ്രകാരം കേരള ഗവൺമെന്റ് സർവന്റ്സ് കോൺഡക്ട് റൂൾസ് 1960, സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന ഭേദഗതികളോടെ സർവ്വകലാശാലയിലെ അധ്യാപക-അനധ്യാപക ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ളതാണ്. മേൽ പരാമർശിച്ചിരിക്കുന്ന പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 60(A) സർവ്വകലാശാലയിൽ ബാധകമാക്കിയതിൻ പ്രകാരം, സർവ്വകലാശാല ജീവനക്കാർ (അധ്യാപക-അനധ്യാപക-തൊഴിലാളികളുൾപ്പെടെ) ഏതെങ്കിലും സംഭാഷണത്തിലൂടെയോ എഴുത്തിലൂടെയോ മറ്റു രീതിയിലോ സർവ്വകലാശാല അനുവർത്തിക്കുന്ന നയത്തെയോ, സർവ്വകലാശാല എടുക്കുന്ന നടപടികളെയോ പൊതുജന മദ്ധ്യത്തിലോ, സംഘടനാ സ്വാതന്ത്ര്യത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സംഘടനകൾക്കുപരിയായ കൂട്ടായ്മകളിലോ സംഘങ്ങളിലോ ചർച്ച ചെയ്യുവാനോ വിമർശിക്കുവാനോ പാടില്ലാത്തതും അങ്ങനെയുള്ള ചർച്ചയിലോ വിമർശനത്തിലോ യാതൊരു രീതിയിലും പങ്കെടുക്കുവാനോ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ പരാമർശിച്ചിട്ടുള്ള ചട്ടങ്ങൾക്കു വിരുദ്ധമായുള്ള പെരുമാറ്റം സർവ്വകലാശാലയിലെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ചില ജീവനക്കാരുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നതായി ശ്രദ്ധയിൽ വന്നിരിക്കുന്നു. സർവ്വകലാശാലയുടെ നയപരമായ കാര്യങ്ങളിൽ ഉദ്ദേശ്യശുദ്ധിയെ തന്നെ ചോദ്യം ചെയ്യുന്നതും തെറ്റിദ്ധാരണ പരത്തുന്നതുമായ പ്രസ്താവനകൾ ദൃശ്യ-ശ്രാവ്യ-സാമൂഹിക-പത്ര മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന നടപടി ചിലർ സ്വീകരിച്ചുവരുന്നതായി അറിയുന്നു. ഇക്കാര്യം സർവ്വകലാശാല അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ സർവ്വകലാശാലയെ അപകീർത്തിപ്പെടുത്തുന്നതും, സർവ്വകലാശാല നയങ്ങളെ വിമർശിക്കുന്നതും, സർവ്വകലാശാല നയം നടപ്പാക്കുന്നതിലേയ്ക്കായി പ്രവർത്തിക്കുന്ന അധികാരികളേയോ, ഉദ്യോഗസ്ഥരേയോ ജീവനക്കാരേയോ

വ്യക്തിപരമായി അധിക്ഷേപിക്കുന്നതും ആയ നടപടികൾ സർവ്വകലാശാലയിൽ നിന്ന് വേതനം പറ്റുന്ന ആരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടുള്ളതല്ല എന്ന് നിർദ്ദേശിക്കുന്നു. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹിക മാധ്യമങ്ങളിൽ ഇടപ്പെടുന്നവരുടെ പേരിൽ കേരള ഗവൺമെന്റ് സെർവന്റ്സ് കോൺഡക്ട് റൂൾസ് 1960 പ്രകാരം, അച്ചടക്ക നടപടി സ്വീകരിക്കേണ്ടതായി വരും എന്ന് അറിയിക്കുന്നു.

ഈ പരിപത്രത്തിന്റെ ഉള്ളടക്കം സ്ഥാപന മേധാവികൾ അവർക്കു കീഴിൽ സേവനം ചെയ്തുവരുന്ന എല്ലാ അധ്യാപക-അനധ്യാപക ജീവനക്കാരുടേയും തൊഴിലാളികളുടേയും ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെടുന്നു.

ഒപ്പ്/-
**രജിസ്ട്രാർ**

സ്വീകർത്താവ്:- എല്ലാ സ്റ്റേഷൻ/കോളേജ് മേധാവികൾക്കും
പകർപ്പ് :- വി.സിയുടെ പി.എസ്./ രജിസ്ട്രാറുടെ പി.എ./കരുതൽ/ഫയൽ/മിച്ചം.

**//ഉത്തരവിൻ പ്രകാരം//**

**സെക്ഷൻ ഓഫീസർ**